"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിൽ എൽ.ഡി.ക്ലാർക്കായി സേവനമനുഷ്ഠിച്ച് വരവെ 18.11.1998 ൽ മരണമടഞ്ഞ രാമചന്ദ്രൻ പിള്ളയുടെ ഭാര്യ ശ്രീമതി.ശോഭനകുമാരി അമ്മ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള TA 3822/12 നമ്പർ കേസ്സിലെ 23.07.2019 തീയതിയിലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പ്

സ.ഉ.(സാധാ) നം.2327/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/12/2020

പരാമർശം:- 1 സ.ഉ. (പി) നം. 185/2002/ധന, തീയതി 27.03.2002

2 ശ്രീമതി.ശോഭനകുമാരി അമ്മയുടെ 06.01.2020 ലെ അപേക്ഷ.

3 ശ്രീമതി.ശോഭനകുമാരി അമ്മ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള TA 3822/12 നമ്പർ കേസ്സിൻമേലുള്ള 23.07.2019 ലെ അന്തിമ ഉത്തരവ്

4 പഞ്ചായത്ത് ഡയറക്ടറുടെ 12.02.2020 ലെ PAN/2139/2020-H3(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിൽ എൽ.ഡി.ക്ലാർക്കായി സേവനമനുഷ്ഠിച്ച് വരവെ 18.11.1998 ൽ മരണമടഞ്ഞ രാമചന്ദ്രൻ പിള്ളയുടെ ഭാര്യ ശ്രീമതി.ശോഭനകുമാരി അമ്മ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള TA 3822/12 നമ്പർ കേസ്സിൽ പരാമർശം (3) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 23.07.2019 ൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. DCRG അനുവദിക്കുന്നതിലുണ്ടായ കാലതാമസം മൂലം DCRG ക്ക് പലിശ നൽകണമെന്ന ആവശ്യവുമായി ശ്രീമതി.ശോഭനകുമാരി അമ്മ ബഹു. ഹൈക്കോടതിയിൽ WP(c) 31349/2009 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി കേസ് TA 3822/12 നമ്പരായി ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത കേസ് പരിഗണിച്ച് ബഹു. ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനോടും മൂന്നാം എതിർകക്ഷിയായ പഞ്ചായത്ത് ഡയറക്ടറോടും അക്കൌണ്ടന്റ് ജനറൽ അന്തിമമായി DCRG സ്വീകരിച്ച തീയതി മുതൽ DCRG അനുവദിച്ച തീയതി വരെ 9 ശതമാനം പലിശ നൽകുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു .

3. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിരമിക്കൽ ആനുകൂല്യങ്ങൾക്ക് പലിശ നൽകുവാൻ KSR ഭാഗം III -ൽ വ്യവസ്ഥയില്ല എന്നിരുന്നാലും അപേക്ഷകയുടെ ഭാഗത്ത് നിന്ന് യാതൊരു വീഴ്ചയും വന്നിട്ടില്ലാത്തതിനാൽ കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിൽ എൽ.ഡി.ക്ലാർക്കായി സേവനമനുഷ്ഠിച്ച് വരവെ 18.11.1998 ൽ മരണമടഞ്ഞ രാമചന്ദ്രൻ പിള്ളയുടെ ഡി.സി.ആർ.ജി തുക അക്കൗണ്ടന്റ് ജനറൽ അന്തിമമായി അംഗീകരിച്ച തീയതി മുതൽ അനുവദിച്ച തീയതി വരെയുള്ള

കാലയളവിലേക്ക് 9% പലിശ കണക്കാക്കി പ്രസ്തുത പലിശതുകയുടെ ചെലവ് "2017 -01 -104 -88 (Non Plan) (Charged )" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ടിയാന്റെ ഭാര്യ ശ്രീമതി.ശോഭനകുമാരി അമ്മയ്ക്ക് അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത തുക NLC/LC നൽകുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിന് പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്ത പ്രകാരം ഡി.സി.ആർ.ജി വിതരണത്തിനു കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരിൽ പ്രസ്തുത പലിശ തുക ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. ഈ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച് സർക്കാരിൽ അറിയിക്കേണ്ടതാണ്.

5. പരാമർശം (3) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ TA 3822/12 നമ്പർ കേസ്സിന്മേലുള്ള 23.07.2019 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.ശോഭനകുമാരി അമ്മ, പുലയം കോണത്ത് വീട്, ഉടയന്നൂർ.പി.ഒ, കടയ്ക്കൽ, 691536
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം),
സെക്രട്ടറി, ഇട്ടിവ ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം
നിയമ വകുപ്പിന്(17.07.2020 ലെ 7149/സ്യൂട്ട് 2(1)/2020/നിയമം നമ്പർ കുറിപ്പ് പ്രകാരം)
ധന വകുപ്പ് (13/10/2020 ലെ ww- ww3/119/202/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 45/ഇപിഎ1/2020/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Daniya M

സെക്ഷൻ ഓഫീസർ